GVHS(THS) SULTHAN BATHERY-OCTOBER REPORT

ഒക്ടോബർ 1, 2018

ലീഡർ ഷിപ് ക്യാമ്പ് ട്രെയിനിങ് കിട്ടിയ അഭിന, അമൽ ജോസഫ് എന്നിവർ മറ്റു ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഓറിയന്റഷന് ക്ലാസ് കൊടുത്തു

October 2, 2018

ഗാന്ധി ജയന്തി ദിനത്തിൽ വയനാട് ജില്ലാ എൻ എസ് എസ് ടീം കരിയർ ഗൈഡൻസ് സെല്ലുമായി സഹകരിച്ചു നയി താലിം പ്രോഗ്രാം സംഘടിപ്പിച്ചു .
പ്രോഗ്രാമിൽ പ്രശസ്ത ഗാന്ധിയനും ഡയറ്റ് മുൻ പ്രിൻസിപ്പാളുമായ ശ്രീ. ലക്ഷ്മണൻ സർ ഗാന്ധി പ്രഭാഷണം നടത്തി. പരിപാടിയുടെ ഭാഗമായി ഗാന്ധി ചിത്ര ആലേഖന മത്സരം ,ഗാന്ധി സ്മരണ പ്രസംഗ മത്സരം ,ഗാന്ധി ചരിത്രം - ക്വിസ് മത്സരം , ഗാന്ധി മാർഗം - വനിതാ സംരംഭകയായ ശ്രീമതി ഉഷയെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചു . വയനാട് ജില്ലയിലെ എല്ലാ വി എച് എസ് ഇ സ്കൂളുകളിലെയും വിദ്യാർഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു








**ഒക്ടോബര്‍ 5, 2018**

സ്കൂളിൽ കൃഷി ചെയ്ത വാഴയിൽ നിന്നും കുട്ടികൾ വിളവെടുപ്പ് നടത്തി.





**ഒക്ടോബർ 11, 2018**

റോട്ടറി ക്ലബ്ബിൽ വെച്ച് എക്സൈസ് ഓഫീസർ ലഹരി വിരുദ്ധ ക്ലാസ് എടുത്തു





ഒക്ടോബർ 13,14-2018

## തിര- 2018

2018 ഒക്ടോബർ 13 ശനിയാഴ്ച 9 മണിക്ക് ക്യാമ്പ് രജിസ്ട്രേഷൻ തുടങ്ങി.

എല്ലാ NSS വോളന്റിയേഴ്സും കൃത്യസമയത്തു തന്നെ എത്തിച്ചേർന്നു. വാർഡ് കൗൺസിലർ ശ്രീമതി രാധ രവീന്ദ്രൻ പതാക ഉയർത്തി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 10 മണിയോടെ അമ്പലവയൽ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ മുജീബ് സർ , വിവിധ തരം കളികളിലൂടെയും കലാപരിപാടികളിലൂടെയും ഐസ് ബ്രേക്കിംഗ് സെഷൻ നടത്തി. ഓരോ വിദ്യാർത്ഥികളിലും ഉള്ള അപകർഷതാ ബോധത്തെയും വേദിയെ അഭിമുഖീകരിക്കാനുള്ള ഭയത്തെ ഇല്ലാതാക്കുവാനും വിദ്യാർത്ഥികളെ അവരുടെ കഴിവുകളെ പ്രകടിപ്പിക്കുവാനായി പ്രചോദിപ്പിക്കുവാനും മുജീബ് സാറിന്റെ ക്ലാസ് സഹായിച്ചു.

ഉച്ച ഭക്ഷണത്തിനു ശേഷം ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ ശ്രീ. ജ്യോതി ബസു സർ ശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ചും , വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും എത്രത്തോളം പ്രാധാന്യമർഹിക്കുന്നതാണ് എന്നും ക്ലാസ് എടുത്തു. ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിലായിരുന്നു ക്ലാസ്. ക്ലാസിനു ശേഷം കുട്ടികളെ 4 ഗ്രൂപ്പ് ആയി തിരിക്കുകയും ഓരോ ഗ്രൂപ്പിനും ലീഡേഴ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു. അർച്ചിത ശോഭി, അഭിന, മുഹമ്മദ് സിയാദ് , മുഹമ്മദ് സിനാൻ എന്നിവരുടെയും , രണ്ടാം വർഷ NSS വോളന്റിയേഴ്സിന്റെയും നേതൃത്വത്തിൽ ഗ്രൂപ്പായി തിരിഞ്ഞ് ബത്തേരി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന വീടുകളിൽ മാലിന്യ സംസ്കരണത്തിന്റെ വിവിധ രീതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ സർവ്വേ നടത്തി . ഏകദേശം 200 ൽ അധികം വീടുകളിൽ 2മണിക്കൂർ (3.30 pm – 5.30 pm) സർവ്വേ നടത്തി. ശുചിത്വ കമ്മീഷൻ- ഹരിതകർമ്മ സേന എന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കാൻ വിദ്യാർത്ഥികൾക്ക് സാധിച്ചു. വൈകുന്നേരം അസാപ് ട്രെയ്നർ ആന്റോ ജോസ് സാറിന്റെ ക്ലാസ് ഉണ്ടായിരുന്നു. രാത്രി കുട്ടികളുടെ വിവിധ കലാ പരിപാടികൾ നടത്തി. അന്നത്തെ ദിവസത്തെ പരിപാടികളുടെ അവലോകനവും നടത്തി.

ഒക്ടോബർ 14 രാവിലെ 6 മണിക്ക് യോഗ ക്ലാസ്സോടെ ക്യാമ്പ് ആരംഭിച്ചു. പ്രഭാത ഭക്ഷണത്തിനു ശേഷം കുട്ടികൾ ഗ്രൂപ്പ് ആയി തിരിഞ്ഞ് സ്കൂളും പരിസരവും വൃത്തിയാക്കി. ക്ലാസ് മുറികൾ കഴുകി. അടുക്കളത്തോട്ടം നിർമിച്ചു. പരിസരത്തുള്ള വീടുകളിൽ ബോധവൽക്കരണ സർവ്വേ നടത്തി. വിഭവ സമൃദ്ധമായ ഉച്ചഭക്ഷണ ശേഷം അവലോകന യോഗം നടത്തി. ബാക്കി വന്ന പച്ചക്കറി വിത്തുകൾ കുട്ടികൾക്ക് വീടുകളിലേക്ക് കൊടുത്തയച്ചു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ഫസൽ മുഹമ്മദ് നന്ദി പറഞ്ഞു.


നാഷണൽ സർവ്വീസ് സ്കീം
NATIONAL SERVICE SCHEME
(Dept. of VHSE Govt. of Kerala)
ഗവ:വൊക്കേഷണൽ ഹയർസെക്കണ്ടറി
(ടെക്നിക്കൽ) സ്ക്കൂൾ
സുൽത്താൻ - ബത്തേരി
വയനാട്


NATIONAL SERVICE SCHEME






USED PEN COLLECTION BOX







